LFLP SCHOOL

# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 26

# സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതിരേഖ.

**ആമുഖം:-**

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പാവറട്ടി ലിറ്റിൽ ഫ്ലവർ എൽ പി സ്കൂൾ തയ്യാറാക്കുന്ന ഈ സമഗ്ര ഗുണമേന്മ വിദ്യാലയ വികസന പദ്ധതിരേഖ ആവശ്യമായ കൂട്ടിച്ചേർക്കലുകളോടെ വിദ്യാലയത്തിന്റെ സമഗ്രമായ വികസനം മുന്നിറുത്തിയിട്ടുള്ള പദ്ധതിയാണ്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലൂടെ കുട്ടികൾ അക്കാദമിക മികവും സാമൂഹിക പ്രതിബദ്ധതയും ഇതിന് ഉന്നം വച്ചു തയ്യാറാക്കിയതാണ് 20-24 വർഷത്തെ ഈ പദ്ധതിരേഖ.

**ലക്ഷ്യങ്ങൾ:-**

1 മുതൽ 4 വരെ പ്രൈമറി തലവും പ്രീപ്രൈമറി തലവും ഈ വിദ്യാലയത്തിൽ നിലവിൽ ഉണ്ട്. അതിൽ പ്രീപ്രൈമറി തലത്തിൽ നിന്നു തന്നെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തിക്കൊണ്ടുവന്ന് അക്കാദമികമായും സാമൂഹ്യമായും മുന്നിൽക്കുന്ന സമൂഹത്തെ വാർത്തെടുക്കുകയാണ് ലക്ഷ്യം. അതുവഴി പൊതു വിദ്യാലയ സംരക്ഷണത്തിന്റെ ഭാഗമായി ചുറ്റുപാടുമുള്ള വിദ്യാർത്ഥികളെ ഈ പൊതുവിദ്യാലയത്തിലേക്കാകർഷിക്കുക, വിദ്യാലയത്തെ മികവിന്റെ കേന്ദ്രമായി മാറ്റിയെടുക്കുക, കുട്ടികളിൽ ഭാഷ, ഗണിതം, കല, കായികം, പ്രവൃത്തി പരിചയം ന

നിവരിലൂടെ ശേഷി വർധിപ്പിക്കുക, പൊതുവിദ്യാലയങ്ങളിച്ചു കുട്ടികളിലും രക്ഷിതാക്കളിലും അഭിമാനം ഉളവാക്കുക എന്നിവയാണ് ഈ പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങൾ. ഈ ലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിനായി ക്ലാസ്സ്മുറികൾ ആകർഷകവും സ്മാർട്ടും ആക്കി മാറ്റുക, എല്ലാ ക്ലാസ്സ്മുറികളിലും മൈക്ക് സെറ്റ് വെക്കുക, രക്ഷിതാക്കളുടെ പൂർണ്ണസഹകരണം അക്കാദമിക സാമൂഹിക കാര്യങ്ങളിൽ ഉറപ്പുവരുത്തുക, അധ്യാപകർക്ക് പരിശീലനം സാധ്യമാക്കുക എന്നിവയും ഈ പദ്ധതിയിൽ ഉൾച്ചേർന്നിരിക്കുന്നു.

## വിദ്യാലയ ചരിത്രം :-

ഇന്ന് (2023-24) ഈ വിദ്യാലയം 75-ാം പിറന്നാൾ ആഘോഷിക്കുകയാണ്. പാവറട്ടി സെന്റ് തോമസ് ആശ്രമത്തിനു കീഴിൽ സെന്റ് ജോസഫ്സ് ഹൈസ്കൂളിനോടനുബന്ധിച്ച് 1940 ൽ പാവറട്ടി സെന്റ് ജോസഫ്സ് ട്രെയിനിംഗ് സ്കൂൾ ആരംഭിച്ചപ്പോൾ അധ്യാപക പരിശീലനത്തിനായി ആരംഭിച്ച മോഡൽ സ്കൂളാണ് 1949 ൽ ലിറ്റിൽ ഫ്ലവർ എൽ പി സ്കൂളായി മാറിയത്. പാവറട്ടിക്കാരനായിരുന്ന ഫാ. ലാസർ ആണ് ഈ വിദ്യാലയത്തിന്റെ സ്ഥാപക മാനേജർ. ഈ വിദ്യാലയത്തിന്റെ പ്രഥമ പ്രധാനാധ്യാപകൻ ശ്രീ വി പി ജോസഫ് മാസ്റ്റർ ആയിരുന്നു. തുടർന്ന് ശ്രീ ഒ പി ജോസഫ് മാസ്റ്റർ, 24 വർഷക്കാലം പ്രധാനാധ്യാപകനായി സേവനമനുഷ്ഠിച്ച ഇ പി ചുമ്മാർ മാസ്റ്റർ തുടങ്ങി പ്രഗത്ഭരായ അധ്യാപ

കരുടെ സേവനം ഈ വിദ്യാലയത്തെ ഉന്നതിയിലേക്കുയർത്താൻ സഹായകമായി. ഇന്ത്യയുടെ ആദ്യത്തെ പ്രധാനമന്ത്രിയിരുന്ന പണ്ഡിറ്റ് ജവഹർലാൽ നെഹ്റു 1956ൽ ഈ വിദ്യലയം സന്ദർശിച്ചിട്ടുണ്ട്. 2005-ൽ ആണ് ഈ വിദ്യാലയം ഇപ്പോഴുള്ള ഈ കെട്ടിടത്തിന്റെ ഒന്നാം നിലയിലേക്കു മാറ്റി സ്ഥാപിച്ചത്. അന്നത്തെ മാനേജർ ആയിരുന്ന ഫാ. ജയ്ക്കബ് നെരിഞ്ഞാംപിള്ളി CMI, ഫാ. വിവിയാൻ CMI എന്നിവരുടെ പരിശ്രമഫലമായാണ് ഇപ്പോഴുള്ള ഈ കെട്ടിടത്തിലേക്കു സ്കൂൾ മാറ്റാനായത്. 2003-2004 വർഷത്തിൽ ഈ വിദ്യാലയത്തിനോടുചേർന്ന് ലിറ്റിൽ ഫ്ലവർ പ്രീ-പ്രൈമറി സ്കൂൾ ആരംഭിച്ചു. ഇപ്പോഴത് തനതായ കെട്ടിടത്തിൽ 2018 മുതൽ പ്രവർത്തിച്ചുവരുന്നു. ആധുനികസൗകര്യങ്ങളോടുകൂടിയ ഒരു കമ്പ്യൂട്ടർ ലാബും ആയിരത്തിലധികം പുസ്തകങ്ങളുള്ള ക്ലാസ് ലൈബ്രറിയും വിശാലമായ മൈതാനവും 2 സ്മാർട്ട് ക്ലാസ്സ്റൂമുകളും ഇവിടെ ഉണ്ട്. ഇപ്പോഴത്തെ മാനേജർ ഫാ. ജോസഫ് ആലപ്പാട്ട് CMI, മാനേജർ പ്രതിനിധി ഫാ. ഡ് ജേഷ് വാഴക്കാടൻ എന്നിവർ സ്കൂളിന്റെ പ്രവർത്തനങ്ങളിൽ ദത്തശ്രദ്ധരാണ്. 2021 ജൂണിൽ പ്രധാനാധ്യാപികയായി ചുമതലയേറ്റെടുത്ത ശ്രീമതി പ്രിൻസി പി പി യുടെ കീഴിൽ നേഴ്സറി ഉൾപ്പെടെ 7 അധ്യാപകരും 318 വിദ്യാർഥികളുമായി അധ്യയനം നല്ല രീതിയിൽ നടന്നുവരുന്നു.

## വിദ്യാലയം - മികവിന്റെ കേന്ദ്രം.

എല്ലാ കുട്ടികൾക്കും നല്ലപോലെ ഇംഗ്ലീഷ് സംസാരിക്കാനും മലയാളത്തിലും ഗണിതത്തിലും അത്യാവശ്യ നേടേണ്ട ശേഷികൾ ആർജിക്കാനും താനുൾപ്പെടുന്ന പ്രപഞ്ചത്തെ അറിയാനും തന്നാലാവുന്നത് ചെയ്യാനും ശുചിത്വം, കായികം എന്നിവയിൽ മികവ് പുലർത്താനും സാധിക്കുന്ന വിധത്തിലുള്ള അക്കാദമികപ്രവർത്തനങ്ങൾ ആണ് വിഭാവനം ചെയ്യുന്നത്. എല്ലാ ക്ലാസ്സുകളും ഒന്നാന്തരമാക്കാനായി ICT ഉൾപ്പെടെ സാധ്യമായ എല്ലാ സ്രോതസ്സുകളും പ്രയോജനപ്പെടുത്തുന്നു.

## പദ്ധതി രൂപീകരണം.

കോവിഡ് മഹാമാരി വളരെയേറെ പ്രത്യാഘാതമുണ്ടാക്കിയ മേഖലയാണ് വിദ്യാഭ്യാസം. Online മാധ്യമങ്ങളുടെ അതിപ്രസരം ഈ അവസരത്തിൽ ഉപയോഗപ്രദമായെങ്കിലും അതിൽ നിന്നും പതിയെ വിടുതൽ വരുത്തി offline ക്ലാസ്സുകളിൽ കുട്ടികളെ എത്തിച്ച് തെറ്റില്ലാത്ത രീതിയിൽ ഭാഷയും ഗണിതവും കൈകാര്യം ചെയ്യാനും സ്വന്തം പേര്, അത്യാവശ്യകാര്യങ്ങൾ തെറ്റില്ലാതെ എഴുതാൻ പ്രാപ്തരാകാനും കുട്ടികൾക്കു കഴിയണം. ആത്മവിശ്വാസത്തോടെ കാര്യ

ങ്ങൾ നോക്കി മനസ്സിലാക്കി അതിനനുസരിച്ച് പ്രതികരിക്കാനും വ്യക്തിപരമായ കാര്യങ്ങൾ അറിയാനും സമൂഹത്തെ അറിഞ്ഞു കാർന്നുതിന്നുന്ന ലഹരിയിൽ നിന്നു മുക്തരായ ജനത്തെ വാർത്തെടുക്കാനും കൃഷി ആദിമൂല്യമുള്ളവരായി വളർന്നു വരാനുമുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. പ്രധാനമായും അക്കാദമികമേഖലയിലെ മികവാണെന്നും ഒപ്പം തി: ഭൗതികസാഹചര്യങ്ങൾ വർധിപ്പിക്കാൻ മാനേജ്മെന്റും പഠനസാമഗ്രികൾ കുട്ടികൾക്കു ലഭ്യമാക്കാൻ PTA-OSA അംഗങ്ങളുടെയും സഹകരണം ലഭിക്കുന്നുണ്ട്.

മേഖല - അക്കാദമികം.

ലക്ഷ്യം:- മാതൃഭാഷ - മധുരം മലയാളം.

മലയാളഭാഷ തെറ്റുകൂടാതെ വായിക്കാനും എഴുതാനും സർഗാത്മകരചനകൾ നിർവഹിക്കാനും ഉള്ള ശേഷി എല്ലാ വിദ്യാർഥികൾക്കും പ്രാപ്തമാക്കുക.

പ്രവർത്തനങ്ങൾ:-

* പഠനില കണ്ടെത്തൽ :- പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തി പരിഹാരബോധനം നടത്തുന്നു.

* പരിമിതികൾ പരിഹരിക്കാനാവശ്യമായ പ്രവർത്ത

ന പാക്കേജു തയാറാക്കൽ / ശേഖരിക്കൽ

* രക്ഷാകർത്താക്കളും വിദ്യാർഥികളും ചേർ
ന്നു വായനക്കാർഡ്, സംയുക്ത ഡയറി, ചിത്രനോട്ടുബു
ക്ക് എന്നിവ തയാറാക്കൽ.

*. പത്രപാരായണം, പുസ്തക പരിച
കഥാകഥനം, കവിതാലാപനം അസംബ്ലിയിലും ഉച്ച
ണനേരങ്ങളുള്ള ഇടവേളയിലും. ആഴ്ചയിലൊരിക്കൽ പ
ക്വിസ്.

* ഡയറിക്കുറിപ്പ്, അനുഭവക്കുറിപ്പ്, കാഴ്ചക
എഴുതി അവതരിപ്പിക്കൽ

* ദിനാചരണങ്ങൾ

* കത്തെഴുതൽ - (അമ്പിളിയമ്മാവന്, പ്രധാന
മന്ത്രിക്ക്, വിദ്യാഭ്യാസ മന്ത്രിക്ക്)

* അക്ഷരമറിഞ്ഞു പഠിക്കാം- അക്ഷരകളം

* ബാലസഭ.

* ക്ലാസ് ലൈബ്രറി / വായനസാമഗ്രികൾ, എ
ന്റെ വായനാകുറിപ്പ്, ലൈബ്രറിയിലേക്ക് എന്റെ പിറന്നാൾ
സമ്മാനം, ലഘുവായന തുടങ്ങി വായനയ്ക്കായി കുട്ടികളെ സജ്ജ
മാക്കൽ. പ്രത്യേക അക്ഷരങ്ങൾ കണ്ടെത്തിയുള്ള വായന.

* ചുമർ പതിപ്പ്, കയ്യെഴുത്തു മാസിക

★ പൊതുവിജ്ഞാനത്തോടൊപ്പം ഒരു വാക്ക്

★ രചനശില്പശാലകൾ.

★ മലയാളത്തിളക്കം

★ രക്ഷിതാക്കളുടെ വായനക്കുറിപ്പ്, അനുഭവക്കുറിപ്പ്, സ്വയം കൃത കഥകൾ, കവിതകൾ.

★ ക്ലാസ് എഴുത്തുപെട്ടി.

★ അക്ഷരച്ചാർട്ട്.

തുടങ്ങിയ പ്രവർത്തനങ്ങൾ നിശ്ചിതസമയങ്ങളിൽ ക്ലാസ് ടീച്ചർമാർ, നിയുക്ത അധ്യാപകർ, SRG കൺവീനർ, PTA/MPTA എന്നിവരുടെ നേതൃത്വത്തിൽ നടപ്പാക്കാൻ ലക്ഷ്യം വയ്ക്കുന്നു. ICT സാധ്യതകൾ, ഫീൽഡ് ട്രിപ്പ് എന്നിവ പ്രയോജനപ്പെടുത്തുന്നു.

## ഇംഗ്ലീഷ് ഭാഷാ പഠനം.


ലക്ഷ്യം:- മാറുന്ന സാഹചര്യത്തിൽ അത്യാവശ്യം ഇംഗ്ലീഷ് (Communicative English) കൈകാര്യം ചെയ്യാനും ആത്മവിശ്വാസത്തോടെ സംസാരിക്കാനുമുള്ള പ്രാപ്തി നേടുക

പ്രവർത്തനങ്ങൾ:- "A sentence in alternate day


ഒന്നിടവിട്ട ദിവസങ്ങളിൽ ഒരു വാക്യം അസംബ്ലിയിൽ
കുന്നു. ആ വാക്യം ക്ലാസധ്യാപകർ ബോർഡിൽ എഴുതി
ശിപ്പിക്കുകയും കുട്ടികൾ അത് പകർത്തിയെടുത്ത് ഇട
ടെ പറഞ്ഞു പരിശീലിക്കുന്നു.

 Let's read :- ഇംഗ്ലീഷ് വായനയ്ക്കു
പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്നു. വായനകാർഡു
കഥാപുസ്തകങ്ങൾ, പൂരണവായന, ചങ്ങല വായന, നി
ത പദം / വാക്യം കണ്ടെത്തി എഴുതൽ ഇടങ്ങിയ വിവി
പ്രവർത്തനങ്ങളിലൂടെ സമ്മർദ്ദമില്ലാതെ കുട്ടികൾക്ക് Eng
വായിക്കാനും തദ്വാരാ എഴുതാനും സാധിക്കുന്നു.

 I 2 We :- ഈ പ്രവർത്തനം s
introduction-ൽ നിന്നും താനുമായി ബന്ധപ്പെട്ടവരെ
കൂടി പരിചയപ്പെടുത്തുക വഴി കുട്ടികൾക്ക് ആത്മവി
ശ്വാസത്തോടെ മറ്റുള്ളവരുടെ മുന്നിൽ English സം
രിക്കാൻ കഴിയുന്നു. ചെറിയ വാക്യങ്ങൾ തനിയെ നി
ർമിക്കാൻ പ്രാപ്തരാകുന്നു.

 Picture Reading :- ചിത്രവായന
ലൂടെ പദസമ്പത്തു വർധിപ്പിക്കാൻ, ആവശ്യാനുസ
ണം ഉപയോഗിക്കാൻ പ്രാപ്തമാക്കാൻ, My Word

Book ൽ നല്ല പദങ്ങൾ എഴുതി വച്ച് അവയുടെ അർത്ഥം കണ്ടെത്തി സന്ദർഭാനുസരണം പ്രയോഗിക്കാൻ എന്നിവ ഇതു കൊണ്ടു ലക്ഷ്യം വയ്ക്കുന്നു.

 Letter Box :- കുട്ടികൾക്കും അധ്യാപകർക്കും കൊച്ചു ആശംസാവാക്യങ്ങൾ, വിശേഷങ്ങൾ എഴുതി അയയ്ക്കുന്ന പ്രവർത്തനമാണിത്. സ്കൂളിൽ തന്നെ സജ്ജമാക്കുന്ന Letter Box-ൽ കുട്ടികൾ വിശേഷങ്ങൾ എഴുതിയിടുന്നു.

My English World (MEW) :- 4-ാം ക്ലാസ്സുകാർക്കുള്ള പ്രത്യേക പരിപാടിയാണിത്. ഇതിൽ ഇംഗ്ലീഷ് ഭാഷാപഠനത്തിന്റെ LSRW വിവിധ പ്രവർത്തനങ്ങളിലൂടെ, പാഠഭാഗങ്ങളോടൊന്നിച്ചു കൊണ്ടുപോകു

Cartoons / Games :- ICT സാധ്യതകളിലെ ഈ പ്രവർത്തനങ്ങൾ ചെയ്യുക വഴി കുട്ടികളറിയാതെ തന്നെ ഭാഷ കുട്ടികളിലേക്കെത്തുന്നു.

Role Plays :—
English Assembly
Balasabha

} ഈ പ്രവർത്തനങ്ങൾ അധ്യാപകരുടെ നേതൃത്വ നടത്തുന്നു. PTA അംഗ കൂടെ സഹായം ലഭ്യമാക്കു

# ഗണിതം :- (10)

## ലക്ഷ്യങ്ങൾ :-

സംഖ്യാബോധം, ചതുഷ്ക്രിയകൾ ശരിയായവിധം ഉപയോഗിക്കൽ, പ്രശ്നം വിശകലനം ചെയ്തു ക്രിയ കണ്ടെത്തി പരിഹാരം കണ്ടെത്തൽ, ലഘു വിനോദങ്ങൾ/ മേള എന്നിവയിലൂടെ സമ്മർദമില്ലാതെ ഗണിതം മധുരമാക്കുന്നു.

## പ്രവർത്തനങ്ങൾ

* എണ്ണം, എണ്ണിയെടുക്കൽ, കൂട്ടങ്ങളാക്കൽ
* വലുത് /ചെറുത് ; മുമ്പ്/പിമ്പ്/ശേഷം വന്ന സംഖ്യകൾ.
* പാറ്റേൺ രൂപീകരണം.
* പ്രശ്നങ്ങൾ വിശകലനം ചെയ്ത് അവതരിപ്പിച്ച് ഉത്തരത്തിലേക്ക് എത്തിച്ചേരാൻ വേണ്ടതായ ക്രിയ
* ഗണിത കേളികൾ
* ഗണിതമേളകൾ :- ക്ലാസ്സുതിരിച്ചുള്ള പ്രവർത്തനങ്ങൾ. കുട്ടികളുടെ പൂർണ പങ്കാളിത്തത്തോടെ (എല്ലാ വിഭാഗക്കാരെയും പരിഗണിക്കുന്ന രീതിയിൽ) ഓരോ ക്ലാസുകാരും ഓരോ മേഖല തിരഞ്ഞെടുത്ത് അതിനാവശ്യമായുള്ള ഗണിത പ്രക്രിയകളും മേളകളും നടത്തു
* വിനോദങ്ങൾ :- ക്ലാസ്സിനു പുറമേ ഗണിതത്തിന് ഊന്നൽ നൽകിയിട്ടുള്ള വിവിധ കളികൾ

(ഒളിച്ചുകളി, കബഡി, ഓട്ടം, etc) നടത്തുന്നു. കായിക വിദ്യാഭ്യാസവും ഗണിതത്തിന്റെ അധ്യയനവും ഒന്നിച്ചു നടത്തുന്നു.

* ഗണിത പസിലുകൾ, പതിപ്പുകൾ, കവിതകൾ ശേഖരം തയ്യാറാക്കൽ :- കോവിഡിന്റെ പിടിവിട്ട് ജീവിതത്തിന്റെ പാതയിലാണ് നാം. കഴിഞ്ഞ വർഷവും ഈ പ്രവർത്തനങ്ങൾ നടത്തിയിരുന്നു. Online പഠനം നാമമാത്രമാക്കി ക്ലാസ്സ്റൂമുകളിൽ തന്നെ പഠനം സാധ്യമാക്കാനായ് ഏറ്റവും ആകർഷകമായി പ്രവർത്തനങ്ങൾ സജ്ജീകരിക്കാം. നിശ്ചിത സമയങ്ങളിൽ ക്ലാസ്സധ്യാപകരുടെ സഹകരണത്തോടെ PTA യും ഉൾപ്പെടുത്തി ഈ പ്രവർത്തനങ്ങൾ നടത്തു

## പരിസരപഠനം.

ലക്ഷ്യം :- അതിജീവനത്തിന്റെ പാതയിൽ ആരോഗ്യ മുൻകരുതലുകൾ എടുത്ത് ചുറ്റുപാടുകൾ അറിഞ്ഞ് ഉത്തമ സാമൂഹ്യജീവിയായി ഉത്തമപൗരനായി തീരാൻ ഓരോ വിദ്യാർത്ഥിയും സജ്ജമാകുക.

പ്രവർത്തനങ്ങൾ :-

* ചുറ്റുപാടുകൾ അറിയുക.
* പ്രകൃതിക്കൊപ്പം വളരാനുതകുന്ന പ്രവർത്തനങ്ങൾ സജ്ജീകരിക്കുക.

* പ്രളയം, മഹാമാരികൾ, തീപ്പിടുത്തം എന്നി
വയിൽ നിന്ന് രക്ഷനേടാനുള്ള മുൻകരുതലുകൾ എടുക്കാനുള്ള
പ്രവർത്തനങ്ങൾ. മോക്ക് ഡ്രില്ലുകൾ, സമൂഹബോധം, ഇ
വ ഇതിൽ പെടുന്നു.

* ശുചിത്വക്ലബ് / ശുചിത്വസേന :- ദിനേന
ങ്ങൾ ഗ്രൂപ്പടിസ്ഥാനത്തിൽ വ്യക്തിശുചിത്വം, ക്ലാസ് ശുചി
എന്നിവ ഉറപ്പുവരുത്തുക. ആവശ്യമായ toileteries ഓ
ക്ലാസ്സിലും സജ്ജീകരിക്കുക. ഭക്ഷണാവശിഷ്ടങ്ങൾ ശരിയായ
രീതിയിൽ സംസ്കരിക്കാനുള്ള പരിശീലനം നൽകുക. ഇതി
പരിയായി ഭക്ഷണം പാഴാക്കാതിരിക്കാൻ ശ്രമിക്കുക.
മാലിന്യങ്ങൾ അതിനായി വച്ചിരിക്കുന്ന wastebins ൽ നിക്ഷേ
പിക്കുക തുടങ്ങിയവ കൃത്യമായി പാലിക്കുവാൻ കുട്ടികളെ പ്രേര
ിക്കുക, പരിസരശുചിത്വം പാലിക്കാനും കുട്ടികളെ ഉദ്ബോ
ധിപ്പിക്കുന്നു.

* ആരോഗ്യക്ലബ് :- ഏതെങ്കിലും തരത്തി
ലുള്ള ശാരീരിക പ്രശ്നങ്ങൾ അനുഭവിക്കുന്നവരെ കണ്ടെത്തു
ആയത് ബന്ധപ്പെട്ട അധ്യാപകരെ അറിയിച്ച് ആവശ്യ
നടപടികൾ സ്വീകരിക്കുക. Medical kit ന്റെ ലഭ്യത ഉറ
പ്പുവരുത്തുക, കായികാഭ്യാസങ്ങൾ (exercises) ചെയ്യുക, ഇങ്ങ
നെയുള്ളവ ആരോഗ്യക്ലബ്ബിന്റെ മേൽനോട്ടത്തിൽ ചെയ്യുന്നു.

SAY NO TO JUNK FOOD :- അറിഞ്ഞോ അറി
കഴിക്കാനിടവരുന്ന ഇത്തരം വസ്തുക്കൾ ബോധപൂർവം കുറച്ചു
വരുവാനുള്ള പ്രവർത്തനങ്ങൾ. ജങ്ക് ഫുഡ് പരമാവധി ഒ
വാക്കാനുള്ള ശ്രമങ്ങൾ നടത്തുക. കഴിവതും വീട്ടിലെ ഭക്ഷ
കഴിക്കാനുള്ള പ്രോത്സാഹനം നൽകുന്ന പ്രവർത്തനങ്ങ
ത്തി നാടൻ ഭക്ഷണം, നാടൻ വിഭവങ്ങൾ, അവൽ ആവിയി
തയാറാക്കുന്ന വിഭവങ്ങൾ, ആരോഗ്യപ്രദമായ പ്രാതൽ,
ഇലക്കറികൾ, തുടങ്ങി വീട്ടിൽ ഉണ്ടാക്കുന്ന ഭക്ഷണങ്ങൾ
ശീലമാക്കുക. വറുത്തതും പൊരിച്ചതുമായ വിഭവങ്ങൾ,
എണ്ണപലഹാരങ്ങൾ തുടങ്ങിയവ കഴിവതും ഒഴിവാക്കു

കാർഷിക വിദ്യാഭ്യാസം :- കൃഷിക്കുന്നതിന
കിയുള്ള പ്രവർത്തനങ്ങൾ. "എന്റെ വീട്ടിലുമൊരു പച്ചക്ക
പദ്ധതിയിലൂടെ തീരെ സ്ഥലമില്ലാത്ത കുട്ടികളും ഒരു പ
ക്കറിയെങ്കിലും തനതായി കൃഷി ചെയ്യുന്നു. അതിന്റെ വള
ഘട്ടങ്ങൾ നിരീക്ഷിച്ചു കുറിച്ചുവയ്ക്കുന്നു. കാർഷികസംസ്കാ
നമ്മുടെ നാടിനെ നന്മയായ് ഭവിക്കുന്നു എന്ന വസ്തുത കുട്ടി
അറിഞ്ഞിരിക്കണം.

പഠനയാത്രകൾ :- വിരസത ഒഴിവാക്കി
വിഷയാനുസൃതമായി പഠനയാത്രകൾ നടത്തുന്നു. ബേ
ബേക്കറി, ആശുപത്രി, പോസ്റ്റോഫീസ്, ബാങ്ക്, വിവിധ വ

ICT വിദ്യാഭ്യാസം :- എല്ലാ വിഷയങ്ങളിലും ICT സാധ്യത കണ്ടെത്തി പരമാവധി ഉപയോഗിച്ച് കുട്ടികളിൽ പഠനത്തിനനുയോജ്യമായ മനസ്സുണ്ടാക്കുന്നു. കുട്ടികൾ ഏറെ കുറെ തത്പരരുമാണ് ICT യിൽ. അതിനാൽ സാധ്യമായ രീതിയിലെല്ലാം ICT പ്രയോജനപ്പെടുത്തുന്നു. ആഴ്ചയിൽ : 3 extra times (ഉച്ച)ക്ക് പാഠ്യേതര പരിപാടികളും ICT വഴി നടത്തപ്പെടുന്നു. ഉച്ചനേരത്ത് മൈക്കിലൂടെ കുട്ടികളുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള അവസരം നൽകുന്നു.

കായിക വിദ്യാഭ്യാസം :- അസംബ്ലിയിൽ മാസ്സ ഇടവേളകളിൽ ഗ്രൗണ്ടിനു ചുറ്റുമുള്ള 1-2 റൗണ്ട് ഓട്ടം, P പിരിയഡിൽ വിവിധ കളികൾ തുടങ്ങിയവ വഴി കുട്ടികളി ശാരീരികവും മാനസികവുമായ വളർച്ച ഉറപ്പുത്താൻ നൽകുന്നു

ക്ലാസ് ലൈബ്രറി :- മലയാളത്തിലും ഇംഗ്ലീഷിലും ഉള്ള 1000 ൽ പരം പുസ്തകങ്ങളടങ്ങിയ ഒരു സ്കൂൾ ലൈബ്രറി സജ്ജീകരിച്ചിരിക്കുന്നു. ലൈബ്രറിക്ക് സ്ഥലമില്ലാത്തതിനാൽ ക്ലാസ്റൂമുകളിൽ ഷെൽഫ് അനുസരിച്ച് വച്ചിരിക്കുന്നു ക്ലാസ്സധ്യാപകരുടെ മേൽനോട്ടത്തിൽ പുസ്തകങ്ങൾ കുട്ടികളിലേക്കും മറ്റു ക്ലാസ്സുകളിലേക്കും കൈമാറ്റം ചെയ്യപ്പെട്ടു വായനക്കുറിപ്പ് എഴുതാൻ എല്ലാ കുട്ടികളെയും പ്രോത്സാഹിപ്പിക്കുന്നു. രക്ഷിതാക്കളെയും ഈ ഉദ്യമത്തിൽ ചേർത്തിരിക്കുന്നു.

കൾ ഉണ്ടാകുന്നതു കാണുവാനുള്ള അവസരം ([illegible] വാദി, പാത്രം, etc) എന്നിവ കുട്ടികൾക്കു പ്രാപ്തമാക്കാ... വിശേഷാവസരങ്ങളിൽ അഗതിമന്ദിര സന്ദർശനവും സഹാ... നൽകി വരുന്നു.

ബോധവത്കരണ ക്ലാസ്സുകൾ :- ഒരുത്തമ പൗരനാകാൻ വേണ്ട കാര്യങ്ങൾ ഉൾപ്പെടുത്തി ലൈബ്രറി തലത്തിൽ നൽകാവുന്ന ബോധവത്കരണ പരിപാടികൾ നടത്തുന്നു.

(a) ശരിയായ ആഹാരശീലം

(b) ശുചിത്വ പാലനം.

(c) കായിക വിദ്യാഭ്യാസവും ആരോഗ്യവും

(d) യാത്രാസുരക്ഷ.

(e) ലഹരി - "അറിവാണ ലഹരി"
SAY NO TO DRUGS

(f) ജലത്തിന്റെ ശരിയായ ഉപയോഗം

(g) പരിസ്ഥിതി പാലനം

(h) Good parenting.

തുടങ്ങിയ കാര്യങ്ങളെ കുറിച്ച് രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കും ക്ലാസ്സുകൾ നൽകുന്നു. ആരോഗ്യക്ലബ്, ശുചിത്വക്ലബ്, നേച്ചർ ക്ലബ് തുടങ്ങിയവയുടെ നേതൃത്വത്തിൽ SRG കൺവീനറുടെ സഹകരണത്തോടെ ഇത്തരം പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നു.

## സംഗ്രഹം :-

ഭൗതികസാഹചര്യങ്ങൾ ഏറെക്കുറെ വിദ്യാർത്ഥികൾക്കനുകൂലമായതിനാൽ അക്കാദമിക ആരോഗ്യകാര്യങ്ങളിൽ ഊന്നൽ നൽകി വരുന്നത്. PTA, MPTA, OSA, SSG തുടങ്ങിയ സ്കൂൾ ഗ്രൂപ്പുകളുടെ സഹായത്തോടെ നല്ലൊരു പഠനാന്തരീക്ഷം സജ്ജമാക്കുക, കുട്ടികളെ മൂല്യബോധമുള്ള, വീടിനും നാടിനും ഉതകുന്ന ഉത്തമപൗരന്മാരാക്കുക, ആരോഗ്യകരമായ ഒരു സമൂഹം വാർത്തെടുക്കുന്നതിന് കായികം, കണം, പരിസ്ഥിതി എന്നിവ മെച്ചപ്പെടുത്തുക തുടങ്ങിയവ ലക്ഷ്യം വച്ച് ഭാഷ, ഗണിതം, പരിസരപഠനം, കായിക വിദ്യാഭ്യാസം എന്നീ വിഷയങ്ങളിൽ ഉതകുന്ന പ്രവർത്തനങ്ങൾ ഉൾച്ചേർത്ത് സമൂഹത്തിലെത്തിക്കാനുള്ള പ്രവർത്തനങ്ങളാണ് (LP) ഒരുക്കുന്നത്. കാലാകാലങ്ങളിൽ അനുഭവിക്കുന്ന പ്രശ്നങ്ങൾക്കനുസൃതമായി ലക്ഷ്യം കൈവിടാതെ മാർഗങ്ങൾക്ക്, ഒരുപക്ഷേ, മാറ്റങ്ങൾ വരാം. എന്നാലും മൂല്യബോധമുള്ള സഹജീവിസ്നേഹമുള്ള ഉത്തമപൗരന്മാരെ വാർത്തെടുക്കുവാൻ LP തലത്തിൽ ചെയ്യാവുന്ന കാര്യങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. Weightless Bag (ആയ പാഠപുസ്തകങ്ങൾ ശേഖരിച്ച് സ്കൂളിൽ സൂക്ഷിച്ച് കുട്ടികൾക്ക് ലഭ്യമാക്കൽ) Malayalam - English Assembly തുടങ്ങിയവ ഈ ആശയത്തിന്റെ പരിധിയിൽ പെടുന്നു.

സംഗ്രഹം :-

ഭൗതികസാഹചര്യങ്ങൾ ഒരേങ്ങനെ വി
കൽക്കരണമൂലമായതിനാൽ അക്കാദമിക ആരോഗ്യകാര്യങ്ങളി
ന് ഊന്നൽ നൽകി വരുന്നത്. PTA, MPTA, OSA, SSG
തുടങ്ങിയ സ്കൂൾ ഗ്രൂപ്പുകളുടെ സഹായത്തോടെ നല്ലൊരു പ
ഠനാന്തരീക്ഷം സജ്ജമാക്കുക, കുട്ടികളെ മൂല്യബോധമുള്ള, വീ
ടും നാടിനും ഉതകുന്ന ഉത്തമ പൗരന്മാരാക്കുക, ആരോഗ്യ
കരമായ ഒരു സമൂഹം വാർത്തെടുക്കുന്നതിന് കായികം, മ
നം, പരിസ്ഥിതി എന്നിവ മെച്ചപ്പെടുത്തുക തുടങ്ങിയ
വ ലക്ഷ്യം വച്ച് ഭാഷ, ഗണിതം, പരിസരപഠനം, കാ
യിക വിദ്യാഭ്യാസം എന്നീ വിഷയങ്ങളിൽ ഉതകുന്ന പ്രവർത്ത
നങ്ങൾ ഉൾച്ചേർത്ത് സമൂഹത്തിലെത്തിക്കാനുള്ള പ്രവ
ർത്തനങ്ങളാണ് (LP) ഒരുക്കുന്നത്. കാലാകാലങ്ങളിൽ അ
നുഭവിക്കുന്ന പ്രശ്നങ്ങൾക്കനുസൃതമായി ലക്ഷ്യം കൈവിടാ
മാർഗങ്ങൾക്ക്, ഒരുപക്ഷേ, മാറ്റങ്ങൾ വരാം. എന്നാലും മൂ
ല്യബോധമുള്ള സഹജീവിസ്നേഹമുള്ള ഉത്തമ പൗര
രെ വാർത്തെടുക്കുവാൻ LP തലത്തിൽ ചെയ്യാവുന്ന കാ
ര്യങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നു. Weightless Bag (പ
ഴയ പാഠപുസ്തകങ്ങൾ ശേഖരിച്ച് സ്കൂളിൽ സൂക്ഷിച്ച് കുട്ടികൾക്ക
ലഭ്യമാക്കൽ) Malayalam - English Assembly തുടങ്ങിയവ
ഈ ആശയത്തെ പരിധിയിൽ പെടുന്നു.

P.P.P (signature)

# മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ |
|---|---|---|---|---|
| മധുരം മലയാളം<br>എല്ലാ കുട്ടികൾക്കും മലയാളഭാഷ തെറ്റുകൂടാതെ വായിക്കുവാനും എഴുതുവാനും സർഗാത്മക രചനകൾ നിർവഹിക്കുവാനുമുള്ള ശേഷി വികസിപ്പിക്കുക. | * പഠനവിടവ് കണ്ടെത്താൻ പ്രീടെസ്റ്റുകൾ നടത്തി വിശകലനം ചെയ്തു മികവുകളും പരിമിതികളും കണ്ടെത്തുന്നു. 'എന്റെ കുട്ടി' 'സഹിതം' എന്നിവയും കുട്ടിയുടെ പഠന നിലവാരം അറിയാൻ പ്രയോജനപ്പെടുത്തുന്നു. | ജൂൺ 1–10 | ക്ലാസ് ടീച്ചർ | |
| | * പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തയാറാക്കൽ / ശേഖരിക്കൽ | ജൂൺ 2, 3 വാരങ്ങൾ | പ്രധാനാധ്യാപിക<br>ക്ലാസ് ടീച്ചർ<br>SRG | |
| | * അസംബ്ലി (ഒരാഴ്ച ഒരു ക്ലാസ്)<br>→ മലയാളം പ്രാർത്ഥനാഗാനം<br>→ പ്രതിജ്ഞ<br>→ പത്രപാരായണം.<br>→ സർഗവേള<br>→ ഇന്നത്തെ ചിന്താവിഷയം. | ആഴ്ചയിൽ ചൊവ്വ തിങ്കൾ വ്യാഴം ബുധൻ വെള്ളി ദിവസങ്ങൾ | ക്ലാസധ്യാപിക. | |
| | * ഡയറിക്കുറിപ്പ് | ആഴ്ചയിൽ 1 | | |
| | * വായനക്കുറിപ്പ് | 2 ആഴ്ചയിൽ 1 | ക്ലാസധ്യാപിക. | |
| | * സചിത്രപുസ്തകം | | | |
| | * പത്രക്വിസ് | എല്ലാ തിങ്കളാഴ്ചയും | SRG, ക്ലാസ് ടീച്ചർ | |
| | * | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാ. |
| --- | --- | --- | --- | --- |
| മധുരം മലയാളം | * ബാലസഭ / സാഹിത്യ സമാജം / വിദ്യാരംഗം | ജൂലൈ മുതൽ ജനുവരി വരെ ആഴ്ചയിൽ 1 ദിവസം | HM, ക്ലാസ് ടീച്ചർ, ബാലസഭ/വിദ്യാരംഗം കൺവീനർ | |
| മാതൃഭാഷയായ മലയാളം നന്നായി ഉപയോഗിക്കുവാൻ പ്രാപ്തരാക്കുക. | * പതിപ്പുകൾ / കയ്യെഴുത്ത് മാഗസിനുകൾ<br>* ഒരു ദിവസം ഒരു ഭാഷാ പരിപാടി | ജൂൺ 19 മുതൽ<br>പ്രതിദിനം. | ക്ലാസ് ടീച്ചർ, വിദ്യാരംഗം ടീച്ചർ | |
| | * രചനശില്പശാലകൾ<br>* കുട്ടിപ്പത്രം | ഫെബ്രുവരി | ക്ലാസധ്യാപകർ, SRG | |
| | * ലൈബ്രറി - വായനസാമഗ്രികൾ, വായനപുസ്തകം, മാഗസിനുകൾ, വായനകാർഡുകൾ | ജൂലൈ രണ്ടാമത്തെ ആഴ്ചയിൽ | ക്ലാസധ്യാപകർ. | |
| | * അക്ഷരക്ലാസ്.<br>- അക്ഷരകളരി<br>അക്ഷരകേളി<br>എന്റെ പേര്<br>എന്റെ കുടുംബം<br>എന്റെ വിദ്യാലയം<br>എന്റെ കൂട്ടുകാർ | ജൂൺ അവസാനവാരം മുതൽ | ക്ലാസധ്യാപകർ, HM. | |

## മേഖല - അക്കാദമികം. (ENGLISH)

| ലക്ഷ്യം. | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പ |
|---|---|---|---|---|
| EASY ENGLISH<br>എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ സംസാരിക്കുവാനും വായിക്കുവാനും തെറ്റില്ലാതെ എഴുതുവാനും ഉള്ള കഴിവ് | ★ പഠനത്തിലെ കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകൾ / പരിമിതികൾ കണ്ടെത്തുന്നു. | ജൂൺ 1-15 | ക്ലാസ്സധ്യാപകർ. | |
| | ★ പരിമിതികൾ പരിഹരിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ / ശേഖരിക്കൽ | ജൂൺ അവസാന രണ്ടാഴ്ച | ക്ലാസ്സധ്യാപകർ English Convenor SRG | |
| | ★ ഇംഗ്ലീഷ് അസംബ്ലി.<br>→ English Prayer<br>→ Pledge in English<br>→ Moral Stories.<br>→ Action Songs / Rhymes<br>- Today's word with GK<br>→ Speech.<br>• Riddles. | തിങ്കൾ ബുധൻ വെള്ളി ദിവസങ്ങളിൽ | ക്ലാസ്സധ്യാപകർ. | |
| | ★ My English World.<br>• Hellow English.<br>• Word Chain<br>• A sentence twice a week. | From July 1 | ക്ലാസ്സധ്യാപകർ. | |

## മേഖല : അക്കാദമികം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പ |
|---|---|---|---|---|
| ഗംഭീരം ഗണിതം<br>സംഖ്യാബോധം (1 - 1000). ചതുഷ്ക്രിയകളുടെ ശരിയായ ഉപയോഗം, പ്രായോഗികം, സമയത്തിന്റെ ഉപയോഗം. | * പഠനവിടവ് കണ്ടെത്തൽ, പരിഹരിക്കൽ<br>· പ്രീ ടെസ്റ്റുകൾ നടത്തി വിശകലനം ചെയ്തു മികവുകളും പരിമിതികളും കണ്ടെത്തുന്നു. "എന്റെ കുട്ടി" "സഹിതം" എന്നിവയും കുട്ടിയുടെ പഠനനിലവാരം അറിയാൻ പ്രയോജനപ്പെടുത്തുന്നു. | ജൂൺ | ക്ലാസ്സധ്യാപകർ | |
| | * പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കൽ/ ശേഖരിക്കൽ. | ജൂൺ ജൂലായ് | ക്ലാസ്സധ്യാപകർ | |
| | * Social Service Fund.<br>* My Score<br>* പിറന്നാൾ കലണ്ടർ<br>* Noon Meal<br>* Banking game.<br>* Rice stock.<br>* ജ്യാമിതീയ രൂപങ്ങൾ<br>* കടയിലേക്ക്<br>* പൂളുണ്ടാക്കാം.<br>* ഉല്ലാസഗണിതം.<br>* ഗണിതകേളി. | ജൂൺ പകുതി മുതൽ ഫെബ്രുവരി വരെ | HM<br>ക്ലാസ്സധ്യാപകർ<br>SRG. | |

# മേഖല : അക്കാദമികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത് |
|---|---|---|---|---|
| പരിസര പഠനം | മണ്ണറിഞ്ഞ്<br>മനം നിറഞ്ഞ്<br>പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾ.<br>വീട്ടിലൊരു പച്ചക്കറി.<br>ശുചിത്വം മഹത്വം<br>സ്വപാചകം സുപാചകം<br>പെരുമാറ്റം<br>— വീട്ടിൽ<br>— വിദ്യാലയത്തിൽ<br>— പൊതുസ്ഥലങ്ങളിൽ<br>— റോഡിൽ<br>— ഭ<br>നാം നമ്മളുള്ളവർ<br>— സുരക്ഷിതജീവിതം<br>— സമൂഹനന്മയ്ക്കായുള്ള പ്രവർത്തനങ്ങൾ.<br>— കൂട്ടുകാരെ സഹായിക്കൽ<br>— സഹജീവിപാലനം.<br>— കാർഷികവൃത്തി കണ്ടുനിന്ന് പഠിക്കാം. നമ്മുടെ കർഷകർ<br>— ജലം അമൂല്യം. | ജൂൺ to ആഗസ്റ്റ്<br><br>ജൂൺ to മാർച്ച്<br><br>ജൂൺ to March.<br><br>ജൂൺ to മാർച്ച് | അദ്ധ്യാപകർ SRG. | |